"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റുന്നതിനായി തെറ്റായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.809/2024/RD തീയതി,തിരുവനന്തപുരം, 01-03-2024

---

പരാമർശം:-

1. ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസറുടെ 20.09.2023-ലെ K4-3543/2020 നം. നടപടിക്രമം.
2. ശ്രീ.അഖിൽ സജീവ് 03.04.2023-ൽ ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് നല്കിയ അപേക്ഷ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.10.2023, 21.02.2024 തീയതികളിലെ LR/11606/2023-LR(A1) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

1. ശ്രീ അഖിൽ സജീവ് എന്നയാളുടെ പറവൂർ താലൂക്കിൽ വടക്കേക്കര വില്ലേജിൽ സർവ്വേ 229/13-14 - ൽ ഉൾപ്പെട്ട വസ്തുവിന്റെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി, തെറ്റായി ഈടാക്കിയ 2,91,360/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി അറുപത്) തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

2. പരാമർശം (1) - പ്രകാരമുള്ള ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടി ക്രമത്തിലും പരാമർശം (3) പ്രകാരമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിലും ചുവടെ ചേർത്ത വസ്തുതകൾ വിശദമാക്കിയിട്ടുള്ളതാണ്.

3. പറവൂർ താലൂക്കിൽ വടക്കേക്കര വില്ലേജിൽ സർവ്വേ 229/13-14 ൽ ഉൾപ്പെട്ട 06.07 ആർസ് വസ്തുവിന്റെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി ശ്രീ അഖിൽ സജീവ് നല്കിയ അപേക്ഷ പരിഗണിച്ചു കൊണ്ട്, ഫീസിനത്തിൽ 2,91,360/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി അറുപത്) അടവാക്കിയതിന്റ അടിസ്ഥാനത്തിൽ, പ്രസ്തുത ഭൂമിയ്ക്ക് സ്വഭാവ വ്യതിയാനം അനുവദിച്ചു കൊണ്ട്, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ 22.10.2021-ലെ K4-3543/2020 നം. നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, അപേക്ഷവസ്തു പുരയിടമായിരുന്നു എന്നും വില്ലേജ് റിക്കോർഡുകളിലെ തെറ്റായ രേഖപ്പെടുത്തലുകൾ മൂലമാണ് തരം മാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടി വന്നതെന്നും, ആയതിനാൽ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ഫീസിനത്തിൽ അടവാക്കിയ 2,91,360/- രൂപ തിരികെ നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട്, പരാമർശം (2) പ്രകാരമുള്ള അപേക്ഷ ലഭിക്കുകയുണ്ടായി. പരാമർശം (2)-ലെ അപേക്ഷ പ്രകാരം അന്വേഷണം നടത്തിയതിൽ, അപേക്ഷാവസ്തു സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പുരയിടമായിരുന്നു

എന്നും കമ്പ്യൂട്ടറൈസേഷൻ നടത്തിയപ്പോൾ രേഖകളിൽ തെറ്റായി നിലം എന്ന് രേഖപ്പെടുത്തിയതാണെന്നും തെറ്റായ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ആണ് നിലം പരിവർത്തനം നടത്തുന്നതിനായി ശുപാർശ ചെയ്തിരുന്നതെന്നും പറവൂർ (ഭൂരേഖ) തഹസിൽദാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, ഇപ്രകാരം തെറ്റായി അടവാക്കിയിട്ടുള്ള 2,91,360/- രൂപ റീഫണ്ട് ചെയ്യേണ്ടതാണെന്നും, എന്നാൽ 07.08.2017-ലെ G.O.(P) No. 102/2017/ FIN ഉത്തരവ് പ്രകാരം, വകുപ്പ് തല അധികാരിയായ ലാന്റ് റവന്യൂ കമ്മീഷണർക്ക് സാമ്പത്തിക അധികാരം ഇല്ലാത്തതിനാൽ, ടി തുക റീഫണ്ട് അനുവദിച്ച് ഉത്തരവാകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പറവൂർ താലൂക്കിൽ വടക്കേക്കര വില്ലേജിൽ സർവ്വേ 229/13-14 ൽ ഉൾപ്പെടുന്ന 06.07 ആർസ് വസ്തു പുരയിടമായിരുന്നു എന്നും വില്ലേജ് റിക്കാർഡുകളിലെ തെറ്റായ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് സ്വഭാവ വ്യതിയാനം വരുത്തിയതെന്നും ബോധ്യമായതിനാൽ, ശ്രീ.അഖിൽ സജീവൻ, പല്ലേക്കാട്ട് വീട്ടിൽ,നീണ്ടൂർ,വടക്കേക്കര എന്നയാളിൽ നിന്നും ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി ഫീസ് ഇനത്തിൽ തെറ്റായി ഈടാക്കിയ 2,91,360/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം), അപേക്ഷകന് റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHANSHA.A
അണ്ടർ സെക്രട്ടറി

ശ്രീ. അഖിൽ സജീവ്, പല്ലേക്കാട്ട് വീട്ടിൽ, നീണ്ടൂർ, വടക്കേക്കര
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
സബ് കളക്ടർ, ഫോർട്ട് കൊച്ചി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sujith G R
Date: 02-03-2024 11:28:06
സെക്ഷൻ ഓഫീസർ